പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*276 — 19.06.2019-ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ നിലവാരം

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.വി. ജോയി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.ജോർജ് എം. തോമസ് | ഡോ.കെ.ടി. ജലീൽ<br>ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) നാഷണൽ എംപ്ലോയബിലിറ്റി റിപ്പോർട്ടിൽ, രാജ്യത്തെ എഞ്ചിനീയറിംഗ് ബിരുദധാരികൾ വേണ്ടത്ര തൊഴിൽ വൈദഗ്ധ്യമുള്ളവരല്ലെന്നും വലിയൊരു വിഭാഗത്തിന് അർഹമായ ജോലി ലഭിക്കുന്നില്ലെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയും എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിലില്ലായ്മ ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെയും ഭാഗമായി, എ.ഐ.സി.ടി.യുടെ മാതൃക കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 'അസാപ്പ്' മായി സഹകരിച്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ |

ഡെവലപ്പ്മെന്റ് സെന്ററുകൾ (ASDC) ആരംഭിക്കുകയും അതുവഴി അന്താരാഷ്ട്ര തൊഴിൽ കമ്പോളത്തിലെ നൂതന പ്രവണതകൾക്കനുസൃതമായി മികച്ച പ്രൊഫഷണലുകളെ രൂപപ്പെടുത്തുന്നതിനും പരിശീലന പരിപാടി നടത്തിവരുന്നു. അസാപ്പ്, വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുവാനുള്ള ഒരു വെബ് പോർട്ടൽ ഈ അക്കാദമിക് വർഷം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് കോളേജുകളിലെ എന്റർപ്രണർഷിപ്പ് സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യവസായിക രംഗത്തെ വിദഗ്ധൻമാരുടെയും

സാങ്കേതിക വിദഗ്ധൻമാരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ബി.ടെക്-ന്റെ പഠനഭാരം കുറയ്ക്കുവാനും സ്പെഷ്യലൈസേഷൻ ഏർപ്പെടുത്തുവാനും തീരുമാനമായിട്ടുണ്ടോ;

(ബി) ഉണ്ട്. 2019 ജൂൺ മുതൽ ബി.ടെക് പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182 ൽ നിന്ന് 162 ആയി കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45 ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മൊഡ്യൂൾ എന്നത് 5 ആക്കാനും 7, 8 സെമസ്റ്ററിൽ ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഓരോ വിദ്യാർത്ഥിയുടേയും പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനാണ് ബി.ടെക് ഓണേഴ്സ്. അവസാന രണ്ട് വർഷത്തെ സെമസ്റ്ററുകളിൽ കുറഞ്ഞത് 3 വിഷയങ്ങളിൽ 12 ക്രെഡിറ്റും ഓൺലൈൻ വഴി കുറഞ്ഞത് 2 വിഷയങ്ങൾക്ക് 8 ക്രെഡിറ്റും അധികമായി നേടുന്ന കുട്ടികൾക്ക് ബി.ടെക് ഡിഗ്രിക്ക് പകരം ബി.ടെക് ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കാം. മൂന്നാം സെമസ്റ്റർ മുതൽ വിദ്യാർത്ഥികൾക്ക് മറ്റു പഠനശാഖയിലുള്ള സ്പെഷ്യലൈസേഷനായ ബി.ടെക് മൈനർ ഡിഗ്രി കോഴ്സുകളിലേക്ക് ചേരാൻ സാധിക്കും. നിശ്ചിത മിനിമം ക്രെഡിറ്റ്

നേടുന്ന വിദ്യാർത്ഥികൾക്ക് മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെ തുടർപഠനം പൂർത്തിയാക്കി ബി.വോക് ഡിഗ്രി കരസ്ഥമാക്കാവുന്ന പദ്ധതിയും തയ്യാറായി വരുന്നുണ്ട്.

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര ശതമാനം സീറ്റുകളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിരുന്നു; സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ സാധ്യമാകുമെന്ന് അറിയിക്കാമോ?

(സി) 47% സീറ്റുകളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിരുന്നു. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുൻപായി കോളേജുകളിൽ വിദഗ്ദരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടു തവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നുണ്ട്. എ.ഐ.സി.ടി.യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ